**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** — **27-06-2022 - ൽ മറുപടിയ്ക്ക്**

**ജനറിക് മരുന്നുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളുടെയും ജനറിക് മരുന്നുകളുടെയും ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും വിൽക്കപ്പെടുന്നുണ്ട്. സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകൾ ഔഷധ നിർമ്മാതാക്കളുടെ വിപണന മാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ അതാത് ബ്രാൻഡ് നാമങ്ങളിലാണ് വിറ്റഴിക്കപ്പെടുന്നത്. സർക്കാർ ആശുപത്രികളിലൂടെയും സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ഷോപ്പുകൾ, എന്നിവ വഴിയും ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളുമാണ് പൊതുജനങ്ങൾക്ക് വിതരണം ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ജനറിക് മരുന്നുകളാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിൽസാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ 3726 കോടി രൂപയുടെ അലോപ്പതി മരുന്നുകൾ വിൽക്കപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞ കണക്കനുസരിച്ച് പ്രതിമാസം 310 കോടിയുടെ അലോപ്പതി മരുന്നുകളാണ് വിപണനം ചെയ്യുന്നത്. പ്രസ്തുത മരുന്നുകളിൽ ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും ഉൾപ്പെടുന്നു. നിലവിൽ ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകൾ മുഖേന മരുന്നുകളുടെ വാർഷിക ആവശ്യകത (ഉപയോഗം, നീക്കിയിരുപ്പ്, ആവശ്യകത) കണക്കാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിശ്ചയിച്ച് നൽകുന്ന Financial Cap പ്രകാരം അവരവരുടെ കീഴ്സ്ഥാപനങ്ങൾ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുന്ന ഇൻഡന്റ് (മരുന്നുകളുടെ രാസനാമ പ്രകാരം തയ്യാറാക്കിയത്) ജില്ലാ തലത്തിൽ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വിതരണത്തിനായി കൈമാറുകയും ചെയ്യുന്നു. ഇതു പ്രകാരം എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തു വരുന്നു. |
| (ബി) | ജനറിക് മരുന്നുകൾ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | ജനറിക് മരുന്നുകൾ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രാസനാമത്തിൽ വലിയ അക്ഷരത്തിൽ മാത്രമേ മരുന്നുകൾക്ക് കുറിപ്പടി നൽകാവൂ എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജനറിക് മരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ജനറിക് മരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി വാർഷിക ഇൻഡന്റ് പ്രകാരം മനസിലാകുന്നു. ബ്രാൻഡഡ്, ജനറിക് എന്ന വേർതിരിവില്ലാതെ ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ മരുന്ന് സംഭരണ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തു വരുന്നു. |
| (ഡി) | ജനറിക് മരുന്നുകളുടെ സ്വീകാര്യതയ്ക്കനുസൃതമായി അവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നത് പൂർണ്ണമായും ജനറിക് മരുന്നുകളാണ്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ സർക്കാർ ആശുപത്രികളോട് ചേർന്ന് 73 കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിലവിൽ ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകൾ മുഖേന മരുന്നുകളുടെ വാർഷിക ആവശ്യകത (ഉപയോഗം, നീക്കിയിരുപ്പ്) കണക്കാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിശ്ചയിച്ച് നൽകുന്ന Financial Cap പ്രകാരം അവരവരുടെ കീഴ്സ്ഥാപനങ്ങൾ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുന്ന ഇൻഡന്റ് (മരുന്നുകളുടെ രാസനാമ പ്രകാരം തയ്യാറാക്കിയത്) ജില്ലാ തലത്തിൽ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വിതരണത്തിനായി കൈമാറുന്നു. ഇതു പ്രകാരം എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ മരുന്ന് സംഭരണ വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ-ലിൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തു വരുന്നു.<br><br>ഓരോ സാമ്പത്തിക വർഷവും സർക്കാർ ബജറ്റിലൂടെ അനുവദിച്ചു നൽകുന്ന തുകയ്ക്ക് അനുസൃതമായി ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെയാണ് കെ.എം.എസ്.സി.എൽ ജനറിക് മരുന്നുകൾ ലഭ്യമാക്കി വരുന്നത്. മരുന്നുകൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ സ്ഥാപനങ്ങൾ നേരിട്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും ലോക്കൽ പർച്ചേസ് മുഖാന്തിരം ആവശ്യത്തിന് വാങ്ങി നിലവിൽ രോഗികൾക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ